# Malayala Manorama

## 17 August 2018

## Thiruvananthapuram, Flood, Flood Victims

# വലഞ്ഞ് ഇവരും..



■ കോൺഗ്രസ് നേതാവ് വി.എം.സുധീരന്റെ തിരുവനന്തപുരം ഗൗരീശപട്ടത്തെ വീട്ടിൽ വെള്ളം കയറി. ഫയർഫോഴ്സിന്റെ സ്കൂബാ ഡൈവിങ് ടീം എത്തി, റബർ ബോട്ടിലാണ് അദ്ദേഹത്തെയും കുടുംബത്തെയും രക്ഷിച്ചത്. പനി ബാധിച്ചു വിശ്രമത്തിലായിരുന്നു സുധീരൻ. 13 വർഷത്തോളമായി താമസിക്കുന്ന വീട്ടിൽ ഇതാദ്യമായാണ് വെള്ളം കയറുന്നതെന്നു സുധീരൻ പറഞ്ഞു.

■ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പൊലീത്തയെ പമ്പാ തീരത്തെ വസതിയിൽനിന്ന് ബുധനാഴ്ച രാവിലെ കോഴഞ്ചേരി പൊയ്യാനിൽ ആശുപത്രിയിലേക്കു മാറ്റി.

■ ഭാരതപ്പുഴ കവിഞ്ഞൊഴുകി എം.ടി.വാസുദേവൻ നായരുടെ കൂടല്ലൂരിലെ വീട്ടിൽ വെള്ളംകയറി. ഈ വീട്ടിൽ ആരും താമസമില്ല. ഷാഫി പറമ്പിൽ എംഎൽഎയുടെ ന്യൂ സിവിൽ നഗറിലെ വീടിന്റെ പടിവരെ വെള്ളത്തിൽ മുങ്ങി.



■ നടി മല്ലികാ സുകുമാരന്റെ തിരുവനന്തപുരം കുണ്ടമൺകടവിലെ വീട്ടിൽ വെള്ളംകയറി. വീടിനുള്ളിൽ ഉൾപ്പെടെ രാവിലെ വെള്ളമെത്തിയതോടെ, കൗൺസിലർ ഗിരികുമാറിന്റെ നേതൃത്വത്തിലുള്ള സംഘം മല്ലികയെ വീട്ടിൽനിന്നു മാറ്റി. നേരത്തേ വീടിനു സമീപം വരെ വെള്ളം എത്തിയിട്ടുണ്ടെങ്കിലും ആദ്യമായാണ് വീടിനുള്ളിൽ കയറുന്നത്.



■ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോറിന്റെ തിരുവനന്തപുരം ശാസ്തമംഗലത്തെ വാടകവീട്ടിൽ വെള്ളംകയറി. 14നു രാത്രിയാണ് വെള്ളം കയറിയത്. ഇന്നലെ രാവിലെതന്നെ കുടുംബാംഗങ്ങളെ സഹോദരന്റെ വീട്ടിലേക്കു മാറ്റിയയുടൻ ഹരികിഷോർ ദുരിതാശ്വാസപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി പത്തനംതിട്ടയിലേക്കു പോയി. അത്യാവശ്യസാധനങ്ങൾ വീടിന്റെ രണ്ടാംനിലയിലേക്കു മാറ്റാനുള്ള സമയമേ ലഭിച്ചുള്ളൂവെന്ന് ഹരികിഷോർ പറഞ്ഞു.



■ ആർക്കിടെക്ട് ജി.ശങ്കറിന്റെ തിരുവനന്തപുരം വട്ടവിളയിലെ വീട്ടിൽ വെള്ളംകയറി. അടുത്തിടെയാണ് വീടുപണി പൂർത്തിയായത്. വീട്ടിൽ വെള്ളം കയറിത്തുടങ്ങിയതിനെത്തുടർന്ന് അദ്ദേഹം കുടുംബത്തോടൊപ്പം മാറി. എന്റെ രക്തവും വിയർപ്പും, ഇപ്പോൾ എന്റെ കണ്ണീരുമാണ് വീടെന്ന് ശങ്കർ പറഞ്ഞു.